# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 180 | 11.06.2018 ൽ മറുപടിക്ക്

## ദുരഭിമാനക്കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരഭിമാനക്കൊലപാതകം എന്ന് പൊതുസമൂഹമോ പോലീസോ വിലയിരുത്തിയിട്ടുള്ള സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട രണ്ട് സംഭവങ്ങൾ ദുരഭിമാനക്കൊല എന്ന നിലയിലാണ് പൊതുസമൂഹം വിലയിരുത്തിയിട്ടുള്ളത്.<br>മലപ്പുറം ജില്ലയിലെ അരീക്കോട് പോലീസ് സ്റ്റേഷനിൽ 72/2018 പ്രകാരം രജിസ്റ്റർ ചെയ്ത ആതിര എന്ന പെൺകുട്ടിയുടെ കൊലപാതകവും, കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.745/2018 പ്രകാരം രജിസ്റ്റർ ചെയ്ത ജോസഫ് ജേക്കബ് മകൻ കെവിൻ.പി.ജോസഫിന്റെ കൊലപാതകവും ആണ് ഇവ. |
| (ബി) സാംസ്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കുന്നത് തടയുന്നതിന് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങളെ തുടർന്ന് സമൂഹത്തിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) സാംസ്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പൊതുജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുമായി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ